**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:5338** **26.03.2018 ൽ മറുപടിയ്ക്ക്**

## ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

**ചോദ്യം**
**ശ്രീ.അടൂർ പ്രകാശ്**

**മറുപടി**
**ശ്രീ.ഇ. ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)**

<table>
<tr><td>(എ)</td><td>കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച ഭൂരഹിതരില്ലാത്ത കേരളം പദ്ധതി അവസാനിപ്പിച്ചിട്ടുണ്ടോ;</td><td>(എ) ഇല്ല</td></tr>
<tr><td>(ബി)</td><td>ഈ പദ്ധതിയ്ക്കായി അനുവദിച്ച തുകയിൽ ഈ സർക്കാർ എത്ര തുക ഏതെല്ലാം ആവശ്യങ്ങൾക്കായി വിനിയോഗിച്ചുവെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;</td><td>(ബി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി ചെലവുകൾക്കായി 2017-18 സാമ്പത്തിക വർഷത്തിൽ തുകയൊന്നും അനുവദിച്ചിട്ടില്ല. 2016-17 സാമ്പത്തിക വർഷം 6 കോടി രൂപ അനുവദിച്ചിരുന്നു. ആയതിൽ 260 ലക്ഷം രൂപ താഴെ പറയുന്ന ഇനങ്ങൾക്ക് ചെലവാക്കാനായി അനുവദിച്ചിരുന്നു.
<table>
<tr><th>ക്രമ നം.</th><th>ഇനം</th><th>അനുവദിച്ച തുക (ലക്ഷം)</th></tr>
<tr><td>1</td><td>ഭൂമി യോഗ്യമാക്കാനുള്ള പ്രാരംഭ ചെലവുകൾ</td><td>150</td></tr>
<tr><td>2</td><td>വഴിക്ക് വേണ്ടി ഭൂമി വാങ്ങൽ</td><td>40</td></tr>
<tr><td>3</td><td>ഡി.റ്റി.പി ഓപ്പറേറ്റർമാരുടെ വേതനം /വാഹന വാടക/ യാത്രാബത്ത തുടങ്ങിയവ</td><td>40</td></tr>
<tr><td>4</td><td>മറ്റ് അത്യാവശ്യ ചെലവുകൾ</td><td>30</td></tr>
<tr><td colspan="2">ആകെ</td><td>260</td></tr>
</table>
ഇതിൽ നിന്നും ജില്ലാ കളക്ടർമാർ ആവശ്യപ്പെട്ട പ്രകാരം 1,77,63,737/- രൂപ അനുവദിക്കുകയും, ആയതിൽ 31,64,447/-</td></tr>
</table>

രൂപ ജില്ലാ കളക്ടർമാർ ചെലവഴിക്കുകയും ഉണ്ടായി. വിശദാംശം താഴെ ചേർക്കുന്നു

| ജില്ല | അനുവദിച്ച തുക | 31/03/2017 -വരെയുള്ള ചെലവ് |
|---|---|---|
| തിരുവനന്തപുരം | 42,14,400 | 6,02,400 |
| കൊല്ലം | 1,90,000 | 1,20,926 |
| പത്തനംതിട്ട | 23,95,000 | 7,86,950 |
| ആലപ്പുഴ | 25,000 | |
| കോട്ടയം | 4,00,000 | 49,773 |
| ഇടുക്കി | 36,75,000 | 1,10,870 |
| എറണാകുളം | 4,55,500 | |
| തൃശ്ശൂർ | 18,43,137 | 9,85,137 |
| പാലക്കാട് | 2,38,200 | 66,700 |
| മലപ്പുറം | 4,92,000 | 46,754 |
| കോഴിക്കോട് | 8,10,000 | 10,000 |
| വയനാട് | 7,42,000 | |
| കണ്ണൂർ | 5,01,500 | 3,65,682 |
| കാസറഗോഡ് | 17,82,000 | 19,255 |
| ആകെ | 1,77,63,737 | 31,64,447 |

ബാക്കിയുള്ള 3.40 കോടി രൂപയിൽ സർക്കാർ ഭൂമിക്ക് ദൗർലഭ്യം അനുഭവിക്കുന്ന ജില്ലകൾക്ക് ഭൂമി വാങ്ങുന്നതിനായി എറണാകുളം ജില്ലയ്ക്ക് 2.15 കോടി രൂപയും, തൃശ്ശൂർ ജില്ലയ്ക്ക് 1.25 കോടി രൂപയും അനുവദിച്ചിരുന്നു. അനുവദിച്ച ഫണ്ട് വിനിയോഗിക്കുന്നതിനുള്ള നടപടികൾ ജില്ലാ തലത്തിൽ സ്വീകരിച്ച് വരുന്നു. ബാക്കി 82,36,263/- രൂപ സർക്കാരിലേയ്ക്ക് തിരിച്ചടച്ചിട്ടുണ്ട്. ചെലവാക്കാൻ ബാക്കിയുള്ള തുക അതാത് ജില്ലാ കളക്ടർമാർ 31.03.2018 നകം ചെലവാക്കി ആയതിന്റെ ഇനം തിരിച്ചുള്ള റിപ്പോർട്ട് ലഭ്യമാക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി റിപ്പോർട്ട് 31.3.2018 കഴിഞ്ഞതിനു ശേഷം മാത്രമേ ലഭ്യമാകുകയുള്ളൂ.

| | | |
|---|---|---|
| (സി) | ഈ സർക്കാർ എത്ര ആളുകൾക്ക് ഭൂമി കണ്ടെത്തി നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ; അവയുടെ ജില്ല, താലൂക്ക്, വില്ലേജ് തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ? | (സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൻ കീഴിൽ താഴെ പറയും പ്രകാരം പട്ടയം അനുവദിച്ചിട്ടുണ്ട്. |

| ക്രമ നം. | ജില്ല | പട്ടയങ്ങളുടെ എണ്ണം |
|---|---|---|
| 1 | കൊല്ലം | 18 |
| 2 | എറണാകുളം | 3 |
| 3 | തൃശ്ശൂർ | 96 |
| 4 | പാലക്കാട് | 485 |
| 5 | മലപ്പുറം | 227 |
| 6 | കോഴിക്കോട് | 1 |
| 7 | വയനാട് | 21 |
| 8 | കണ്ണൂർ | 11 |
| 9 | കാസർഗോഡ് | 632 |

നിലവിൽ ഈ സർക്കാരിന്റെ ഭൂമി വിതരണ / ഭവന നിർമ്മാണ പദ്ധതികളെല്ലാം സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ ലൈഫ് മിഷൻ മുഖേനയാണ് നടത്തി വരുന്നത്.

സെക്ഷൻ ഓഫീസർ